സ്വദ്റുദ്ദീൻ വാഴക്കാട്

# കരക്കടുക്കാത്ത ജീവിതങ്ങൾ

**തിരകളിലെ** നീലപ്പരപ്പും തീരത്തെ പഞ്ചാരമണലും ആരെയും ആകർഷിക്കുന്ന കടലോര കാഴ്ചകളാണ്. വിലമതിക്കാനാവാത്ത അനേകം വിഭവങ്ങളാൽ സമ്പന്നമാണ് കടൽ. പക്ഷേ, കടലിന്റെ സൗന്ദര്യവും സമുദ്രവിഭവങ്ങളും മതിവരുവോളം ആസ്വദിക്കുമ്പോഴും നാം കാണാതെ കുറേ ജീവിതങ്ങൾ തീരദേശങ്ങളിൽ ഉണങ്ങിത്തീരുന്നുണ്ട്. തീരദേശവാസികൾ എന്ന വിളിപ്പേരിട്ട് മുഖ്യധാരയുടെ പുറമ്പോക്കിലേക്ക് മാറ്റിനിർത്തപ്പെട്ട ലക്ഷങ്ങൾ! ഇങ്ങനെയൊരു ജനത ഇവിടെ ജീവിക്കുന്നുണ്ടെന്ന ചിന്തതന്നെ പൊതുസമൂഹത്തിനില്ല. ഒരു വർഗീയ സംഘർഷം, തീരദേശ ബന്ദ് അപ്പോഴേ നാം അവരെ ശ്രദ്ധിക്കൂ. രാഷ്ട്രീയക്കാർ അഞ്ചാണ്ടിലൊരിക്കൽ വോട്ടുവേട്ടക്കായി എത്തും. ഭരണം കിട്ടിയാലും പ്രതിപക്ഷത്തിരുന്നാലും അവർ തീരം കാണാൻ പിന്നെയൊരു അഞ്ചുവർഷം കഴിയണം. മതക്കാർ, സ്ഥാപനങ്ങൾക്കും കമ്മിറ്റികൾക്കുംവേണ്ടി കൃത്യമായി തലവരിപ്പണം പിരിക്കും. പക്ഷേ, തിരിച്ചെന്തെങ്കിലും കൊടുക്കാൻ അവർക്കും മനസ്സില്ല. സന്നദ്ധ സംഘടനകളും സാംസ്കാരിക നായകരും തീരദേശ ജനതയുടെ ജീവിതം കാണുന്നില്ല. മാത്രമല്ല, ഒട്ടേറെ മുൻവിധികളോടെയും അകൽച്ചയോടെയുമാണ് സമൂഹം തീരദേശവാസികളെ കാണുന്നത്.

അക്ഷരാർഥത്തിൽ നടുക്കടലിൽ അകപ്പെട്ട ജീവിതമാണ് തീരദേശവാസികളുടേത്. എല്ലാവരും അവരെ ആവും വിധം ചൂഷണം ചെയ്യുന്നു. ഭരണകൂടം, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ, മതക്കാർ, വർഗീയ-തീവ്രവാദികൾ, കുത്തകകൾ, വിദേശട്രോളറുകാർ, കയറ്റുമതി ഏജൻസികൾ, ഇടനിലക്കാർ, ബ്ലേഡ് പലിശക്കാർ, മദ്യമാഫിയ.... എല്ലാവരും മടിശ്ശീല കനപ്പിച്ച് തീരത്തുനിന്ന് തിരിച്ചു നടക്കുന്നു. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും അജ്ഞതയുടെയും നിലയില്ലാക്കയങ്ങളിൽ തീരദേശക്കാർ മുങ്ങിത്താഴുന്നു.

പശിമയുള്ള ജീവിതമാണ് തീരദേശവാസികളുടേത്. മനസ്സു നിറഞ്ഞ സ്നേഹം, പരസ്പര സഹകരണം, ഊഷ്മളമായ ആതിഥ്യം, വിശ്വസ്തത, ആപേക്ഷികമായി വഞ്ചനയോടും ചതിയോടുമുള്ള അകൽച്ച, അത്യധ്വാനം ചെയ്യാനുള്ള ശാരീരികവും മാനസികവുമായ സന്നദ്ധത, ജീവിതത്തോടുള്ള ശുഭപ്രതീക്ഷ-ആത്മഹത്യ ഈ മേഖലയിൽ ഇല്ലെന്നുതന്നെ പറയാം-, നേതൃത്വത്തോടുള്ള അനുസരണം തുടങ്ങി ഒട്ടേറെ ഗുണങ്ങൾ അവരിലുണ്ട്. പല വിഷയങ്ങളിലും മിത നിലപാട് സ്വീകരിക്കാനവർക്കറിയില്ല. സ്നേഹവും സഹകരണവും അതിന്റെ പാരമ്യത്തിൽ അവർ ആവിഷ്കരിക്കും. വെറുപ്പും പകയുമാണെങ്കിൽ അതിന്റെ മൂർധന്യതയാണ് കാണാനാവുക. എങ്കിലും അടിസ്ഥാനപരമായി സ്നേഹത്തിൽ ഊട്ടിയുറപ്പിക്കപ്പെട്ട മനസ്സാണവരുടേത്.

അടുത്ത കാലത്ത് ബാഹ്യശക്തികളുടെ ഇടപെടൽകൊണ്ട് തീരദേശക്കാർക്കിടയിൽ ചില മാറ്റങ്ങൾ പ്രത്യക്ഷപ്പെടുകയും തെറ്റായ ശീലങ്ങൾ വ്യാപിക്കാൻ തുടങ്ങുകയും അതവരുടെ ജീവിതരംഗങ്ങളെയാകെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു തുടങ്ങിയിട്ടുണ്ട്.

### തൊഴിൽ പ്രതിസന്ധിയും ദാരിദ്ര്യവും

തീരദേശ ജനത നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ദാരിദ്ര്യമാണ്. കൊടിയ ദാരിദ്ര്യമാണ് തീരദേശ ജനതയിൽ വലിയൊരു ശതമാനം അനുഭവിക്കുന്നത്. അവരുടെ ജീവിത മേഖലകളിൽ മുഴുവൻ ഇത് പ്രകടമായികാണാം. ഒന്നും രണ്ടും ദിവസം അരപട്ടിണിയും മുഴുപട്ടിണിയുമായി കഴിയുന്ന നിരവധി കുടുംബങ്ങളുണ്ട്. നല്ല വീടുകളുണ്ടാക്കാൻ സ്ഥലവും പണവുമില്ല, കീറത്തുണികൊണ്ടും പഴഞ്ചാക്കുകൾ കൊണ്ടും മറച്ച ചെറിയ കുടിലുകളിൽ ഞെരുങ്ങിക്കഴിയുന്ന അഞ്ചും ആറും അംഗങ്ങളുള്ള ആയിരങ്ങൾ!

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളിൽ ഭൂരിപക്ഷത്തിന്റെയും ജീവിതം ദുരിതപൂർണമാണ്. 62.4 ശതമാനം തീരദേശവാസികളും ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവരാണെന്ന് സർക്കാർ കണക്കുകൾ പറയുന്നു. 25-50 രൂപ മുതൽ 100-150 രൂപവരെ വരുമാനമുള്ളവരാണ് കൂടുതലും. 22 ശതമാനത്തിനും താമസിക്കാൻ വീടുകളില്ല. 49 ശതമാനവും അഞ്ചുസെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. 92% തീരദേശ വാസികളും വർഷത്തിൽ 5000 രൂപയിൽ താഴെ വരുമാനമുള്ളവരാണെന്ന് കണക്കുകൾ പറയുമ്പോൾ ഈ ജനതയുടെ ദാരിദ്ര്യത്തിന്റെ ആഴം നമുക്ക് ഊഹിക്കാവുന്നതാണ്. ഇതെല്ലാം ഔദ്യോഗിക കണക്കുകളാണ്. എങ്കിൽ യഥാർഥത്തിലുള്ള കണക്കുകളുടെ വലിപ്പം ഇതിലേറെയായിരിക്കുമല്ലോ.

തീരദേശമേഖലയുടെ വികസനത്തിന് വേണ്ടി കോടികളുടെ ഫണ്ട് ഉണ്ടെങ്കിലും ആദിവാസി ഫണ്ടുകളുടെയും പദ്ധതികളുടെയും ഗതിതന്നെയാണവക്കും. ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിക്കൊടുക്കുന്നുണ്ട് മത്സ്യക്കയറ്റുമതി. അതിന്റെ ചെറിയൊരു ശതമാനം പോലും അതിന് കാരണക്കാരായ തീരദേശ ജനതയുടെ ജീവിതപുരോഗതിക്ക് വേണ്ടി ചെലവഴിക്കപ്പെടുന്നില്ല. മത്സ്യക്കയറ്റുമതിയുടെ വൻ സാധ്യതകൾ തുറന്നുകിട്ടിയതോടെ ഗവൺമെന്റിന്റെ നയത്തിൽ തന്നെ മാറ്റങ്ങൾവന്നു. അതുവരെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികാഭിവൃദ്ധിയും ജീവിത നിലവാരത്തിന്റെ വളർച്ചയുമായിരുന്നു ലക്ഷ്യമായിരുന്നത്. പക്ഷേ, പിന്നീട് തൊഴിലാളികളുടെയും തീരദേശക്കാ

രുടെയും ജീവിതത്തിനു നേരെ കണ്ണടച്ച് ഗവൺമെന്റ് മത്സ്യ കയറ്റുമതി വികസനത്തിന് കോടികൾ ചെലവിട്ട് ലാഭം വർധിപ്പിക്കാനാണ് ശ്രമിച്ചത്. 1956 മുതൽ 1990 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ലാഭം വർധിപ്പിക്കുന്നതിന് പദ്ധതിവിഹിതം കൂടിവരികയും മത്സ്യത്തൊഴിലാളികൾക്കുള്ള വിഹിതം കുറഞ്ഞുവരികയും ചെയ്തതു കാണാം (കൊച്ചി CMFRI-യുടെ കണക്കുകളിൽ വിശദാംശങ്ങളുണ്ട്).

തീരദേശവകുപ്പ്, ഫിഷറീസ് വകുപ്പ്, തുറമുഖ വകുപ്പ്, ഫിഷിംഗ് ഹാർബർ വികസന കമ്മിറ്റി, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കൃഷി സംരക്ഷണ സമിതി, മത്സ്യവിഭവ സംരക്ഷണ വകുപ്പ്, തൊഴിലാളി ക്ഷേമനിധി, ദുരിതാശ്വാസ-ദുരന്തനിവാരണ സംവിധാനങ്ങൾ അങ്ങനെ ഒരുപാട് കമ്മിറ്റികളും വേദികളും അവർക്കൊക്കെ ചെലവഴിക്കാൻ കോടികളുടെ ഫണ്ടും ഉണ്ടായിട്ടും തീരദേശജനതക്ക് കഞ്ഞി കുമ്പിളിൽപോലും കുടിക്കാനില്ല. തീരദേശ-മത്സ്യബന്ധന പ്രശ്നങ്ങളെയും ട്രോളിംഗ് നിരോധത്തെയും കുറിച്ച് പഠിക്കാൻ പതിമൂന്നോളം കമീഷനുകൾ നിശ്ചയിക്കപ്പെട്ടു. അവർ ലക്ഷങ്ങളുടെ ഫണ്ടുകൾ തുലച്ചു. കുറേ ശിപാർശകൾ സമർപ്പിച്ചു. പക്ഷേ, ഏട്ടിലെ പശുക്കളൊന്നും പുല്ലുതിന്നാറില്ലല്ലോ. 'സമൃദ്ധിയുടെ ചാകരയുമായി തീരസുരഭി' പദ്ധതിയാണ് ഒടുവിൽ വന്നത്. 'കേരള തീരദേശമൊട്ടാകെ ജീവിതഭദ്രതക്കുവേണ്ടി വലയെറിയുകയാണെ'ന്ന് ആകർഷകമായ പരസ്യത്തിലൂടെ ഗവൺമെന്റ് പ്രഖ്യാപിച്ചു. പക്ഷേ, ആ ചാകര തീരദേശത്തെവിടെയും കാണാനില്ല. പട്ടയം, കൈവശാവകാശരേഖ, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, വീട്ടുനമ്പർ ഇതൊന്നുമില്ലാത്ത അനേകം കുടുംബങ്ങൾ അഭയാർഥി ക്യാമ്പുകളിലെന്നവണ്ണം കഴിയുന്നുണ്ട്.

കുറച്ചുകാലമായി രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിൽ പ്രതിസന്ധിയാണ് ദാരിദ്ര്യത്തിന്റെ ആഴം വർധിപ്പിക്കുന്നത്. മീൻ പിടിത്തവും അനുബന്ധ ജോലികളുമാണ് തീരദേശക്കാരുടെ മുഖ്യ തൊഴിൽ. പാരമ്പര്യ മീൻപിടിത്ത രീതിയാണ് അവലംബിക്കുന്നത്. എന്നാൽ ആഗോളവൽക്കരണവും ലോകവ്യാപാര കരാറുകളോടനുബന്ധിച്ച കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നയങ്ങളും മറ്റ് പല പ്രശ്നങ്ങളും പാരമ്പര്യ മത്സ്യത്തൊഴിലാളികളെ വലിയ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. മീൻ സൂക്ഷിക്കാനോ സംസ്കരിക്കാനോ പാരമ്പര്യ മീൻപിടിത്തക്കാർക്ക് സംവിധാനങ്ങളില്ല, അതൊരുക്കിക്കൊടുക്കുന്നതിൽ ഗവൺമെന്റിനോ സർക്കാർ സ്ഥാപനങ്ങൾക്കോ ഒട്ടും താൽപര്യവുമില്ല. കുത്തകകമ്പനികളുമായുള്ള ഒത്തുകളികൾ ഇതിനു പിന്നിലുണ്ടാകണം. അതുകൊണ്ട് കിട്ടിയ വിലയ്ക്ക് മീൻ വിൽക്കാൻ മീൻപിടിത്തക്കാർ നിർബന്ധിതരാകുന്നു. പലപ്പോഴും ഇന്ധനവിലപോലും ലഭിക്കുകയില്ല.

നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് മൻമോഹൻസിംഗ് ഒപ്പുവെച്ച പല അന്താരാഷ്ട്ര കരാറുകളുടെയും തുടർന്നുണ്ടായ നിരവധി നിയമങ്ങളുടെയും ദുരന്തം ഏറെ പേറിക്കൊണ്ടിരിക്കുന്നത് മത്സ്യബന്ധന മേഖലയാണ്. വിദേശകുത്തക കമ്പനികൾക്കും മത്സ്യബന്ധമേഖലയിലേക്ക് കടന്നുവരാൻ അവസരമൊരുങ്ങിയപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം വഴിമുട്ടുകയായിരുന്നു. ആഴക്കടൽ മീൻപിടിത്തത്തിന്റെ പേരിൽ ഇപ്പോൾ നൂറുകണക്കിന് വിദേശകപ്പലുകൾ നമ്മുടെ തീരങ്ങളിൽ വന്ന് നമ്മുടെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നു. നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അർധരാത്രി എഴുന്നേറ്റ് കടലിൽപോയി വെറുംകൈയോടെ മടങ്ങിവരേണ്ട അവസ്ഥ. പലതരത്തിലുള്ള ഗൂഢാലോചനകളാണ് ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത്. മത്സ്യങ്ങളുടെ കേന്ദ്രീകരണം എവിടെയാണെന്ന് മത്സ്യത്തൊഴിലാളികളെ അറിയിക്കുന്ന ഉപഗ്രഹ സന്ദേശം മുടങ്ങുന്നതിനു പിന്നിൽ വിദേശ ട്രോളറുകൾക്ക് പങ്കുണ്ടെന്ന് പറയപ്പെടുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യകേന്ദ്രീകരണം അറിയിച്ചുകൊടുത്താലേ മീൻപിടിക്കാനാകൂ. കേന്ദ്രസർക്കാർ സ്ഥാപനമായ ഹൈദറാബാദിലെ നാഷ്നൽ റിമോട്ട് സെൻസിംഗ് ഏജൻസിയാണ് 1991 മുതൽ കേരളത്തിന് മത്സ്യകേന്ദ്രീകരണ സന്ദേശം കൈമാറുന്നത്. ഉപഗ്രഹ നിരീക്ഷണം വഴി കടലിലെ മത്സ്യകേന്ദ്രീകരണം എവിടെയാണെന്ന് കണ്ടെത്തുകയും ഓരോ പ്രദേശത്തെയും തീരത്തുനിന്ന് ഇത്ര കി.മീ ദൂരത്താണ് മത്സ്യകേന്ദ്രീകരണമുള്ളതെന്ന് സന്ദേശം നൽകുകയും ചെയ്യും. കുറച്ചൊക്കെ ഇത് ഉപകാരപ്പെട്ടിരുന്നു. നിരോധിക്കപ്പെട്ട വലകളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന വിദേശ ട്രോളറുകൾ യഥേഷ്ടം നമ്മുടെ മേഖലയിൽ മീൻ പിടിക്കുന്നുണ്ട്. കടലിലെ കൈയൂക്കിന്റെ ഭാഗമാണിത്. വിദേശ ട്രോളറുകളും അന്യസംസ്ഥാന ബോട്ടുകളും പ്രത്യേക ഇലക്ട്രോണിക് എക്കോ ചാനൽ യന്ത്രങ്ങൾ ഘടിപ്പിച്ച് യഥേഷ്ടം മത്സ്യവേട്ട നടത്തുന്ന ചില സ്വകാര്യ ഗ്രൂപ്പുകളും ഇപ്പോൾ ഈ രംഗത്തുണ്ട്. സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന മഹാഭൂരിപക്ഷം വരുന്ന പരമ്പരാഗത മീൻപിടിത്തക്കാരാണിതിന്റെ ഇരകളാകുന്നത്.

യന്ത്രവത്കൃത ബോട്ടുകളും മറ്റും ഉപയോഗിക്കുന്ന 'ട്രോൾ വലകൾ' പരമ്പരാഗത മത്സ്യസമ്പത്ത് നശിപ്പിക്കുന്നു. ഭാരക്കട്ടികൾ കെട്ടിവെച്ച് കടലിന്റെ അടിത്തട്ടിലൂടെ യന്ത്ര സഹായത്താൽ വലവലിച്ച് മീൻപിടിക്കുന്ന വലിയ വായുള്ള 'സഞ്ചിവല'കളാണ് (Bag Net) ട്രോൾ വലകൾ. കൊതുകുവലപോലെ കണ്ണിയടുപ്പമുള്ള വലകളും ഉപയോഗിക്കുന്നു. ഇത്തരം ട്രോൾവലകൾ മത്സ്യക്കുഞ്ഞുങ്ങളെപോലും ഊറ്റിയെടുക്കുകയും മറ്റു ജീവജാലങ്ങളെ നശിപ്പിക്കുകയുമാണ്. ആഴക്കടലിന്റെ അടിത്തട്ടിലെ ആവാസവ്യവസ്ഥ തകർക്കുകയാണ് വിദേശ-സ്വദേശ ട്രോളറുകൾ ചെയ്യുന്നത്. ഇത് ആദ്യം ചൂണ്ടിക്കാട്ടിയത് നാടൻവള്ളങ്ങളിൽ മീൻപിടിക്കാൻ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. പക്ഷേ, അത് പഠിക്കാനോ ശക്തമായ നടപടികളിലൂടെ അതിന് തടയിടാനോ നമ്മുടെ ഭരണാധികാരികൾക്കും ഉദ്യോഗസ്ഥന്മാർക്കും സാധിക്കുന്നില്ല.

ഇത്തരം പ്രതിസന്ധികൾ മറികടക്കാൻ പരമ്പരാഗത മീൻപിടിത്തക്കാർക്കും വലിയ ചുണ്ടൻ വള്ളങ്ങളെയും എഞ്ചിൻ ഘടിപ്പിച്ച ബോട്ടുകളെയും മറ്റും ആശ്രയിക്കേണ്ടിവരുന്നു. ഇൻബോർഡ് എഞ്ചിൻ വള്ളങ്ങൾക്ക് 40-50 ലക്ഷം രൂപ വിലവരും. ദിവസം ശരാശരി 100-120 രൂപ വരുമാനമുള്ളവർക്കെങ്ങനെ ഇത് വാങ്ങാൻ കഴിയും? ബ്ലേഡ് പലിശക്കാർക്ക് കഴുത്തു നീട്ടിക്കൊടുക്കാൻ അവർ നിർബന്ധിതരാകുന്നു. റബർ മുതലാളിമാർ ചൂഷണമനസ്സോടെ വൻ വള്ളങ്ങൾ ഇറക്കി ലാഭം കൊയ്യുകയും, നാലോ അഞ്ചോ തൊഴിലാളികളെ ജോലി ചെയ്യിച്ച് തടിച്ചുകൊഴുക്കുകയും ചെയ്യുന്നു. മറ്റു ഗതിയൊന്നുമില്ലാതെ തൊഴിലാളികൾ അവർക്ക് കീഴടങ്ങുന്നു. മത്സ്യ ഇറക്കുമതി, സുനാമി ദുരന്തത്തിന്റെ ശേഷിപ്പുകൾ, ട്രോളിംഗ് നിരോധം തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ വേറെയുമുണ്ട്. ഇവയെല്ലാം സാധാരണക്കാരായ തീരദേശവാസികളെയാണ് പ്രധാനമായും ബാധിക്കുന്നത്.

അധികാരവും സാമ്പത്തിക ശേഷിയുമുള്ള ഉപരിവർഗം നിയമങ്ങളും വകുപ്പുകളും സ്വന്തം കാര്യലാഭങ്ങൾക്കായി അട്ടിമറിക്കുന്നു. പാരമ്പര്യ തൊഴിലാളികളുടെ അവകാശങ്ങൾ നഗ്നമായി കവർന്നെടുക്കുന്നു. ഗവൺമെന്റും സർക്കാർ ഏജൻസികളും വിദേശ-സ്വദേശ കുത്തകകൾക്കൊപ്പം നിൽക്കുന്നു. പ്രകൃതിയെയും മനുഷ്യനെയും പ്രതികൂലമായി ബാധിക്കുന്ന പ്രവൃത്തികളാണ് തീരദേശങ്ങളിൽ നടക്കുന്നത്. നിർബാധം തു

ടരുന്ന മത്സ്യസമ്പത്തിന്റെ കൊള്ള കടലിനെ ജീവശൂന്യമായ ജലപ്പരപ്പാക്കുന്നു. കരയിൽനിന്ന് തള്ളുന്ന മാലിന്യങ്ങളും വ്യാവസായികാവശിഷ്ടങ്ങളും കടൽജലത്തെ മലിനീകരിക്കുന്നു. തീരദേശങ്ങളിൽനിന്ന് പാരമ്പര്യ താമസക്കാരെ മുഴുവൻ ഒഴിപ്പിച്ചെടുക്കാനും മുതലാളിത്ത താൽപര്യങ്ങൾ അവിടെ വിളയിച്ചെടുക്കാനും ഔദ്യോഗിക-അനൗദ്യോഗിക ഏജൻസികൾ പലവിധ പദ്ധതികളും നടപ്പിലാക്കാൻ ശ്രമിക്കുന്നു.

## സാമൂഹിക പ്രശ്നങ്ങൾ

നിരവധി സാമൂഹിക-സാംസ്കാരിക പ്രശ്നങ്ങൾ നേരിടുന്നവരാണ് തീരദേശവാസികൾ. നേരത്തേ സൂചിപ്പിച്ച നന്മകളുള്ളതോടൊപ്പം തന്നെ സമീപകാലത്ത് ബാഹ്യശക്തികളുടെ സ്വാധീനവും മാറിയ ചുറ്റുപാടുകളും മറ്റും കാരണം പലവിധ ജീർണതകളും അവരെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്നു.

വൃത്തികുറഞ്ഞ ജീവിത സാഹചര്യമാണവരുടേത്. ശുചിത്വബോധം കുറവാണെന്ന് മാത്രമല്ല, ഭൂമിശാസ്ത്രപരവും തൊഴിൽപരവുമായ കാരണങ്ങളാൽ ശുചിത്വം നിലനിർത്താൻ അവർക്ക് വലിയ പ്രയാസമാണ്. ശുദ്ധജലത്തിന്റെ ദൗർലഭ്യത, മലമൂത്രവിസർജന സൗകര്യങ്ങളുടെ അപര്യാപ്തത, മത്സ്യാവശിഷ്ടങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങളില്ലായ്മ, മൃഗങ്ങളുടെയും പക്ഷികളുടെയും ജീർണാവശിഷ്ടങ്ങൾ, പുറംലോകം കൊണ്ടുവന്ന് തള്ളുന്ന മാലിന്യങ്ങൾ തുടങ്ങിയവയെല്ലാം കാരണം ശുചിത്വം വളരെ കുറവാണ്. ഇത് വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ചർമരോഗങ്ങൾ പോലെ പലതരം പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. ആരോഗ്യബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടക്കാറില്ല. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്ന ഹോസ്പിറ്റലുകളൊന്നും തീരദേശങ്ങളില്ല. ആരോഗ്യപ്രവർത്തകർ അങ്ങോട്ട് എത്തിനോക്കാൻ മടി കാണിക്കുകയും ചെയ്യുന്നു.

ഒരുതരം സാമൂഹിക വിവേചനം തീരദേശ ജനതയോട് പൊതുസമൂഹം കാണിക്കുന്നുണ്ട്. സംസ്കാരം കുറഞ്ഞവരും രണ്ടാം തരക്കാരുമായി അവരെ അകറ്റിനിർത്തുകയും വിവാഹം, തൊഴിൽ, തെരഞ്ഞെടുപ്പിലെ സ്ഥാനാർഥിത്വം തുടങ്ങിയവയിലൊക്കെ വിവേചനം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതേകുറിച്ച അപകർഷബോധം തീരദേശക്കാർക്കിടയിൽ ശക്തമാണ്.

മദ്യപാനവും ശീട്ടുകളിയും വ്യാപകമായി നടക്കുന്നു. മദ്യഷാപ്പുകളില്ലാത്ത ചില തീരപ്രദേശങ്ങളിൽ വ്യാജവാറ്റുവഴിയും മറ്റും മദ്യം സുലഭമാണ്. തീരദേശത്തോടടുത്ത ടൗണുകളിലെ മദ്യഷാപ്പുകളിലെ ഉപഭോക്താക്കൾ കൂടുതലും തീരവാസികളാണ്. സാമ്പത്തിക പ്രശ്നങ്ങളും തൊഴിൽപരമായ ടെൻഷനുകളുമാണ് ഇതിന് കാരണമായി പറയുന്നത്. പാതിരാത്രി മുതൽ നട്ടുച്ചവരെ കടലിനോട് മല്ലിടുന്നവരുടെ മദ്യപാനത്തെ സ്ത്രീകളും കുറച്ചൊക്കെ അംഗീകരിച്ചുകൊടുക്കുകയാണ്! തൊഴിലില്ലാത്തവർ സ്ഥിരമായും ഉള്ളവർ ഒഴിവു സമയങ്ങളിലും ശീട്ടുകളിയിൽ ഏർപ്പെടും. വലിയ സംഖ്യകൾ വെച്ച് പരസ്യമായി ശീട്ടുകളിക്കുന്നവർ തീരങ്ങളിൽ സ്ഥിരം കാഴ്ചയാണ്. ചിലർ മയക്കുമരുന്ന് ഉപഭോക്താക്കളും വിതരണക്കാരുമാണ്. സമീപകാലത്ത്, മുതലാളിമാരുടെയും രാഷ്ട്രീയക്കാരുടെയും ഗുണ്ടാപടയിലും ചിലർക്ക് അംഗത്വം ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

സാമുദായിക-രാഷ്ട്രീയ സംഘർഷങ്ങളാൽ പലപ്പോഴും തീരദേശ മേഖല ശ്രദ്ധിക്കപ്പെടാറുണ്ട്. മാറാട്, പൂന്തുറ, താനൂർ തുടങ്ങിയ സ്ഥലങ്ങളിലെ സാമുദായിക സംഘർഷങ്ങൾ ഉദാഹരണം. എന്നാൽ, തീരദേശത്ത് വർഗീയ ധ്രുവീകരണം ശക്തമല്ലെന്നും തൽപരകക്ഷികളുടെ ഇടപെടൽകൊണ്ട് സംഭവിച്ച അപൂർവ ദുരന്തങ്ങളാണ് മാറാട്-പൂന്തുറ സംഭവങ്ങളെന്നും പലരും ചൂണ്ടിക്കാണിക്കാറുണ്ട്. 'വളരെ മുമ്പ് താനൂരിലും പിന്നീട് പൂന്തുറയിലും അടുത്തകാലത്ത് മാറാട്ടും നടന്ന ചില പ്രശ്നങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളാണ്. അത് കത്തിച്ചു നിർത്താൻ ബാഹ്യശക്തികൾ ശ്രമിക്കുകയാണ്. എന്നാൽ മറ്റു പ്രദേശങ്ങളുമായി തുലനം ചെയ്യുമ്പോൾ തീരദേശക്കാർക്കിടയിൽ ഇത്തരം സംഘർഷങ്ങൾ കുറവാണ്'- അവർ പറയുന്നു. ഈ നിരീക്ഷണത്തിൽ കുറച്ചൊക്കെ ശരിയുണ്ടെന്നാണ് തോന്നുന്നത്. അതേസമയം, മലപ്പുറം ജില്ലയിലെ ചില തീരപ്രദേശങ്ങളിൽ ഇടക്കിടെ രാഷ്ട്രീയ സംഘട്ടനങ്ങൾ നടക്കാറുണ്ട്. സി.പി.എം-ലീഗ് സംഘട്ടനങ്ങളാണ് മുഖ്യമായും നടക്കുന്നത്. തിരൂർ പറവണ്ണ ഭാഗങ്ങളിൽ സി.പി.എമ്മിന് സ്വാധീനം വളരെ കുറവായിരുന്നു. സ്വാധീനം ഉണ്ടാക്കിയെടുക്കാനുള്ള ഒരു തന്ത്രമായാണ് അവർ സംഘട്ടനങ്ങൾക്ക് മുതിർന്നത്. ഈ കെണി തിരിച്ചറിയാൻ പക്ഷേ, മുസ്‌ലിം ലീഗിന് കഴിഞ്ഞില്ല. സമസ്ത ഇ.കെ വിഭാഗത്തിന് സ്വാധീനമുള്ള ഈ പ്രദേശത്തെ മഹല്ലുകളിൽ ഭിന്നതയുണ്ടാക്കാൻ എ.പി ഗ്രൂപ്പ് ശ്രമിച്ചപ്പോൾ അതിലൂടെ സി.പി.എം സമുദായത്തിൽ നുഴഞ്ഞുകയറാൻ തുടങ്ങി. ഈ രാഷ്ട്രീയക്കളികളിൽ കരുവാക്കപ്പെടുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളിലെ സ്ത്രീകളുമാണ്.

## മുസ്‌ലിം ജീവിതം

കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള തീരദേശ മേഖലയിൽ ലക്ഷക്കണക്കിന് മുസ്‌ലിംകൾ ജീവിക്കുന്നുണ്ട്. മലബാർ തീരത്താണ് കൂടുതൽ മുസ്‌ലിംകൾ അധിവസിക്കുന്നത്. രൂക്ഷമായ തൊഴിൽ പ്രതിസന്ധിയും ദാരിദ്ര്യവും മാത്രമല്ല, ദുർബലമായ ദീനീബോധം, വ്യാപകമായ സാംസ്കാരിക ജീർണതകൾ, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, ബ്ലേഡ് പലിശയുടെ നീരാളിപ്പിടിത്തം തുടങ്ങി നിരവധി പ്രശ്നങ്ങൾ തീരദേശ മുസ്‌ലിംകളുടെ ജീവിതത്തെ ദയനീയമായ പതനത്തിലെത്തിച്ചിരിക്കുന്നു. മുസ്‌ലിം സമുദായത്തിലെ മതസംഘടനകളോ രാഷ്ട്രീയക്കാരോ സന്നദ്ധസംഘടനകളോ വിദ്യാഭ്യാസ ഏജൻസികളോ ഒന്നും തീരദേശജനതയുടെ സർവതോമുഖമായ വളർച്ചക്കുവേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ മനസ്സുവെക്കാത്തത് സ്ഥിതി ഏറെ ശോചനീയമായി തുടരാൻ കാരണമാവുകയും ചെയ്യുന്നു. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മെസ്സേജ് ചാരിറ്റബ്ൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ മാത്രമാണ് ഈ രംഗത്ത് എടുത്തുപറയാവുന്നത്.

തീരദേശങ്ങളിൽ പൊതുവെയുള്ള ദാരിദ്ര്യവും തൊഴിലില്ലായ്മയും അവിടത്തെ മുസ്‌ലിംകളിലും കൂടിയ അളവിലുണ്ട്. കൊച്ചുകൊച്ചു വീടുകളിലും കുടിലുകളിലും നാലോ അഞ്ചോ അംഗങ്ങളുള്ള ഒരു കുടുംബമോ രണ്ടോ മൂന്നോ കുടുംബങ്ങളോ പ്രയാസപ്പെട്ട് ജീവിക്കുന്നു. ചില പ്രദേശങ്ങളിൽ മറ്റു ജോലികൾക്കോ വിദേശത്തോ പോകുകവഴി ഏതാനും കുടുംബങ്ങൾ ദാരിദ്ര്യത്തിൽനിന്ന് അൽപമൊക്കെ കരകയറിയിട്ടുണ്ടെങ്കിലും നിത്യവൃത്തിക്ക് തന്നെ പാടുപെടുന്നവയാണ് മിക്ക കുടുംബങ്ങളും. വിദ്യാഭ്യാസ രംഗത്ത് തീരദേശ മുസ്‌ലിംകൾ വളരെ പിന്നാക്കം നിൽക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചല്ല ആഹാരത്തെക്കുറിച്ചാണ് അവരുടെ ചിന്ത. സ്കൂളിൽ പോകുന്ന ആൺകുട്ടികൾ 7/8 ക്ലാസ്സിൽ വെച്ച് പഠനം നിർത്തി ജോലിക്ക് പോകാൻ തുടങ്ങുന്നു. 13/14 വയസ്സോടെ മത്സ്യബന്ധന-അനുബന്ധ ജോലിക്കിറങ്ങുന്നവരാണ് നല്ലൊരു ശതമാനം ആൺകുട്ടികളും. തുടർന്ന് പഠിക്കുമ്പോൾ കുടുംബം അവർക്ക് പണം ചെലവഴിക്കേണ്ടിവരുന്നുവെന്നു മാത്രമല്ല, അവരിലൂടെ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാൻ കൂടി കാരണമാകുന്നു. പഠനം തുടരുന്നവർതന്നെ ഒഴിവു ദിവസങ്ങളിൽ ജോലിക്കു പോകാൻ നിർബന്ധിതരാണ്. വിദ്യാഭ്യാസവും അവരുടെ പാരമ്പര്യ തൊഴിലും തമ്മിൽ ബന്ധമില്ലാത്തതും ഒ

രു പ്രശ്നമാണ്. പെൺകുട്ടികളെയാണെങ്കിൽ, പത്താം ക്ലാസ്സിനപ്പുറം പഠിക്കാനയക്കില്ല. തീരദേശ മേഖലയിലെ വിദ്യാഭ്യാസത്തിന് ഗവൺമെന്റോ മറ്റു ഏജൻസികളോ ഒട്ടും പ്രാധാന്യം കൽപിക്കുന്നില്ല. സർക്കാർ സ്കൂളുകളുടെ നിലവാരം വളരെ ശോചനീയമാണ്.

അടുത്ത കാലത്ത് ചില സ്ഥലങ്ങളിൽ വിദ്യാഭ്യാസപരമായി ചെറിയ ഉണർവ് പ്രകടമാണ്. ഉപരിപഠനത്തിനും തൊഴിലിനും യോഗ്യത നേടിയവർ കുറച്ചൊക്കെ ഉണ്ടാകുന്നുണ്ട്. പക്ഷേ, ഉപരിപഠന സൗകര്യങ്ങൾ തീരവാസികൾക്ക് അപൂർണമാണ്. തീരദേശ മേഖലയിൽ അനുവദിക്കപ്പെട്ട ഫിഷറീസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെയും എയ്ഡഡ് സ്ഥാപനങ്ങളുടെയും പ്രയോജനം തീരദേശജനതക്കല്ല കിട്ടുന്നത്. മത്സ്യബന്ധന മേഖലയുടെ പേരിൽ ഇത്തരം സ്ഥാപനങ്ങൾ അനുവദിക്കപ്പെടുന്നുണ്ടെങ്കിലും സംവരണത്തിന്റെ അഭാവത്തിൽ തീരദേശ മേഖലക്കു പുറത്തുള്ളവരാണ് സ്ഥാപനങ്ങൾ കൈയടക്കുന്നത്. തീരദേശക്കാരുടെ പേരു പറഞ്ഞ് വാങ്ങിയ എയ്ഡഡ് സ്ഥാപനങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും.

സാമുദായിക വികാരം കൂടുതലുള്ള തീരദേശക്കാർക്കിടയിൽ പക്ഷേ, ദീനീബോധം വളരെ കുറവായാണ് കാണപ്പെടുന്നത്. ആരാധനകളിൽ നിഷ്ഠയോ ദീനീസ്വത്വം കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധയോ ഇല്ലാത്തവരാണ് ഭൂരിപക്ഷവും. കൃത്യമായി നമസ്കരിക്കുന്നവരും നോമ്പെടുക്കുന്നവരും വിരളം. വേഷവിധാനത്തിൽ ഇസ്‌ലാമിക ചിട്ട ഒട്ടും പുലർത്താത്തവരാണ് പല തീരങ്ങളിലെയും സ്ത്രീകൾ. മുസ്‌ലിം സ്ത്രീകളെ തിരിച്ചറിയാൻ തന്നെ പ്രയാസമാണ്. മാത്രമല്ല, ദീനീബോധം കൈവന്നപ്പോൾ ഇസ്‌ലാമികവേഷം ധരിക്കാൻ തുടങ്ങിയ പെൺകുട്ടികൾക്ക് കുടുംബക്കാരുടെയും അയൽവാസികളുടെയും പരിഹാസം കേൾക്കേണ്ടിവന്ന സംഭവങ്ങളുമുണ്ട്. മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും ശീട്ടുകളിയും ഏറക്കുറെ എല്ലാ തീരങ്ങളിലുമുള്ള മുസ്‌ലിംകൾക്കിടയിലും വ്യാപകമായി തീർന്നിട്ടുണ്ട്. തെക്കുനിന്ന് ചുണ്ടൻവള്ളങ്ങളുമായെത്തിയവരോടുള്ള അനുകരണവും മറ്റുപല സ്വാധീനങ്ങളും കാരണം മദ്യത്തിനും മയക്കുമരുന്നിനും തീരദേശം വളരെ വേഗം അടിപ്പെടുകയാണ്.

പലിശയാണ് തീരദേശ ജനതയെ കാർന്നുതിന്നുന്ന മഹാവ്യാളി. വള്ളം, വല, വിവാഹം, വിദ്യാഭ്യാസം, വസ്ത്രം, വീട്, ഗൾഫ് യാത്ര, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി വ്യാപകമായി ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. പല കുടുംബങ്ങളും പതിനായിരങ്ങളുടെയും ലക്ഷങ്ങളുടെയും ബ്ലേഡ് കടത്തിൽ മുങ്ങിയവരാണ്.

വിവാഹമാണ് മറ്റൊരു പ്രശ്നം. ഒരുലക്ഷം മുതൽ മേൽപോട്ടുള്ള സ്ത്രീധനത്തുകയും മെച്ചപ്പെട്ട അറകളും മൂന്നു ദിവസം വരെ നീണ്ടുനിൽക്കുന്ന സദ്യയും പിന്നീടുള്ള സൽക്കാരങ്ങളുമെല്ലാം വിവാഹത്തെ എടുത്താൽ പൊങ്ങാത്ത ഭാരമാക്കി തീർത്തിരിക്കുന്നു. 100-120 രൂപ ദിവസ വരുമാനമുള്ള ഒരാൾക്ക് ഒന്നിലേറെ പെൺകുട്ടികളെ കെട്ടിച്ചയക്കാൻ വേണ്ട ലക്ഷങ്ങൾ എങ്ങനെ സ്വരൂപിക്കാനാകും? മുമ്പ് അറബി കല്യാണങ്ങളും പിന്നീട് തമിഴ്നാട്-കർണാടക കല്യാണങ്ങളും പലയിടങ്ങളിലും വ്യാപകമായിരുന്നു. ഇപ്പോൾ ഈ ട്രെന്റ് കുറേയൊക്കെ ഇല്ലാതായിട്ടുണ്ട്. പുരനിറഞ്ഞുനിൽക്കുന്ന പെൺകുട്ടികൾ തീരദേശങ്ങളിൽ ധാരാളം. പല സ്ഥലങ്ങളിലും ബഹുഭാര്യാത്വമുണ്ട്. ഒരു പ്രദേശത്തുള്ളവർ ദൂരെ മറ്റൊരു തീരത്തേക്ക് പോയി വിവാഹം കഴിക്കുന്നു. രണ്ടോ മൂന്നോ കുട്ടികളാകുന്നതോടെ അവിടം വിട്ടുപോകുന്നു. ഇങ്ങനെ എത്രയോ 'അനാഥ' കുട്ടികളുണ്ട്. അവരെ വളർത്തൽ മാതാക്കൾക്ക് വലിയ പ്രശ്നമാകുന്നുവെന്നു മാത്രമല്ല, സാമൂഹികവിരുദ്ധരായി അവർ വളരുകയും ചെയ്യുന്നു.

ദുർവ്യയം തീരദേശവാസികളുടെ മുഖമുദ്രയാണ്. ഒരുഭാഗത്ത് ദാരിദ്ര്യം കൊടികുത്തിവാഴുമ്പോൾ തന്നെ പണമുണ്ടാകുന്ന ഇടവേളകളിൽ വാരിക്കോരി ചെലവഴിക്കുന്നു. പ്രാഥമിക സൗകര്യങ്ങളില്ലാത്ത വീടുകളിൽ പോലും ടി.വി, വി.സി.ഡി, കേബ്ൾ കണക്ഷൻ, ഫ്രിഡ്ജ് തുടങ്ങിയ സൗകര്യങ്ങളുണ്ടാകും. വിവാഹവും സൽക്കാരവും നിർബന്ധിതമായും അല്ലാതെയും ധൂർത്തിന്റെ വേദികളാകും. ആഘോഷാവസരങ്ങളിലും മറ്റും എടുക്കുന്ന വസ്ത്രങ്ങൾ വിലകൂടിയതായിരിക്കും. വസ്ത്രങ്ങളുടെ സൗന്ദര്യത്തിന്റെയോ ഗുണമേന്മയുടെയോ പേരിലല്ല ഉയർന്ന വിലയുടെ പേരിലാണ് പൊങ്ങച്ചം. ബ്ലേഡ് പലിശക്ക് പണം കടമെടുത്തും വസ്ത്രങ്ങൾ വാങ്ങും. പണം വറുതിയുടെ നാളുകളിലേക്ക് സൂക്ഷിച്ചുവെക്കുന്ന സമ്പ്രദായം കുറവാണ്. ഉള്ളപ്പോൾ ധാരാളിത്തം, ഇല്ലാത്തപ്പോൾ പട്ടിണി.

മഹല്ലുകളാണ് തീരദേശ മുസ്‌ലിംകളുടെ മതകേന്ദ്രങ്ങളെങ്കിലും ജനങ്ങളുടെ ജീവിതവുമായി മഹല്ലുകൾക്ക് വലിയ ബന്ധമൊന്നുമില്ല. ദീനീബോധം വളർത്തുന്നതിലോ സാംസ്കാരികമൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിലോ ദാരിദ്ര്യവും അവജ്ഞതയും പരിഹരിക്കുന്നതിലോ ചെറിയൊരു ശ്രമം പോലും നടത്താൻ മഹല്ലുകൾ സന്നദ്ധരല്ല. അത്തരമൊരു ബോധം തന്നെ മഹല്ലു നേതൃത്വത്തിനില്ല. തീരദേശ മഹല്ലുകൾ വീട്ടുപിരിവ്, മദ്റസാപിരിവ്, പീടികപിരിവ്, കടൽപിരിവ്, വഞ്ചിവക എന്നിങ്ങനെ വരിസംഖ്യകൾ കൃത്യമായി പിരിക്കുന്നതിൽ ഒരു വീഴ്ചയും കാണിക്കാറില്ല. പക്ഷേ, വറുതിയുടെയും ദുരന്തങ്ങളുടെയും കാലങ്ങളിൽ കഷ്ടപ്പെടുന്നവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ മഹല്ലു നേതൃത്വങ്ങൾ സന്നദ്ധമാകാറില്ല. പ്രാഥമിക മദ്റസകൾ ഒരു ചടങ്ങെന്നോണം നടത്തിക്കൊണ്ടിരിക്കുന്നു. അതാകട്ടെ, ജീവിതത്തെ സംസ്കരിക്കാനോ, ദീനീബോധമുണ്ടാക്കാനോ ഒട്ടും പര്യാപ്തമല്ല. തീരദേശ മുസ്‌ലിംകളിൽ പടർന്നു പിടിക്കുന്ന സാംസ്കാരിക ജീർണതകൾക്കെതിരെ പ്രവർത്തിക്കാനും മഹല്ലുകൾക്ക് സംവിധാനമില്ല.

മുസ്‌ലിം സംഘടനകളുടെ പ്രവർത്തനങ്ങളെല്ലാം തീരദേശമൊഴികെയുള്ള പ്രദേശങ്ങളിലാണ് കേന്ദ്രീകരിക്കപ്പെടുന്നത്. തീരദേശക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനോ പരിഹാരം കാണാനോ മതസംഘടനകളിൽനിന്നോ വിദ്യാഭ്യാസ-സാംസ്കാരികവേദികളിൽ നിന്നോ പറയത്തക്ക ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല. വല്ലപ്പോഴുമുള്ള റിലീഫ് പ്രവർത്തനങ്ങൾ മാറ്റിനിർത്തിയാൽ, സകാത്ത് ഫണ്ടുകളും ബോധവൽക്കരണ പരിപാടികളും മലനാട്ടിലും ഇടനാട്ടിലുമാണ് കേന്ദ്രീകരിക്കപ്പെടുന്നത്. തീരദേശ മേഖലയിൽ സത്വര ശ്രദ്ധപതിപ്പിക്കാനും ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും സാധിക്കേണ്ടതുണ്ട്. മഹല്ലുകളുടെ നേതൃത്വത്തിലും അല്ലാതെയും പലിശരഹിത നിധികളും റിലീഫ് വിംഗുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ സംരംഭങ്ങളും ആരംഭിക്കണം. വിദ്യാഭ്യാസ വളർച്ചക്ക് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ■

sadarvzkd@yahoo.com